# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3879 2014 ജനുവരി 31-ാം തീയതി
മറുപടി നല്കേണ്ടത്

### പി.ഡബ്ല്യു.ഡി. കരാറുകാരുടെ കുടിശ്ശിക

ചോദ്യം

ശ്രീ. എളമരം കരീം

ഉത്തരം

ശ്രീ. കെ.എം. മാണി
നിയമവും
ഭവനനിർമ്മാണവും
വകുപ്പു മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. കരാറുകാർ പൂർത്തീകരിച്ച പ്രവൃത്തികളുടെ പണം 2013 ഡിസംബർ 31 തീയതിയായി എന്തു തുക കുടിശ്ശികയായിട്ടുണ്ട്; വ്യക്തമാക്കുമോ; | ധനകാര്യ വകുപ്പിൽ ഭരണവകുപ്പിന്റെ ശുപാർശയോടു കൂടി ലഭിച്ച നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.07.2013 മുതൽ 31.10.2013 വരെയുള്ള കാലയളവിൽ 384.38 കോടിരൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ ഇതേ കാലയളവിൽ 164.66 കോടി രൂപയും ജലവിഭവ വകുപ്പിൽ 01.06.2013 മുതൽ 31.07.2013 വരെയുള്ള കാലയളവിൽ 61.39 കോടി രൂപയും കുടിശ്ശികയുണ്ട്. |
| ബി). കുടിശ്ശിക തുക ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് കൊടുത്തു തീർക്കാനാവുമെന്ന് വ്യക്തമാക്കുമോ; | ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്നതാണ്. |
| സി). പണം ലഭിക്കാത്തതിനാൽ കരാറുകാർ പ്രവൃത്തികൾ നിർത്തിവെക്കാൻ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | കുടിശ്ശിക കൊടുത്തു തീർക്കാത്തതിനാൽ പണികൾ നിർത്തിവയ്ക്കുമെന്ന കരാറുകാരുടെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാരണത്താൽ നിലവിലുള്ള പ്രവർത്തികൾ നിർത്തിവച്ചിട്ടുള്ളതായി ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ